**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സി.ഡി.എസ്.അക്കൗണ്ടന്റുമാരുടെ പ്രതിമാസ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.110/2017/തസ്വഭവ തിരുവനന്തപുരം, തീയതി,09/06/2017**

---

പരാമർശം:- (1) 26.09.2015 ലെ സ.ഉ.(എം.എസ്) നം.302/15/തസ്വഭവ ഉത്തരവ്

(2) 12.01.2017 ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗതീരുമാനം

(3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.03.2017 ലെ കെ.എസ്./സി.2264/13 നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ പരാമർശം 2-ലെ യോഗ തീരുമാനപ്രകാരം സി.ഡി.എസ്സ്. അക്കൗണ്ടന്റുമാരുടെ വേതനം 15,000/- രൂപയായി ഉയർത്തണമെന്നും 01.01.2017 മുതൽ വർദ്ധനവ് നൽകണമെന്നും ഒരു വർഷത്തിനുശേഷം 750/- രൂപ വാർഷിക ഇൻക്രിമെന്റ് അനുവദിക്കണമെന്നും 5 വർഷത്തിനുമുകളിൽ പരിചയമുള്ളവർക്ക് 16,000/- രൂപയായി വേതനം വർദ്ധിപ്പിക്കണമെന്നും പരാമർശം (3) ലെ കത്തിലൂടെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കുടുംബശ്രീ സി.ഡി.എസ്സ്. അക്കൗണ്ടന്റുമാരുടെ പ്രതിമാസ വേതനം 12,000/- രൂപയായും 01./01/2017- ൽ കുടുംബശ്രീയിൽ അക്കൗണ്ടന്റായി 5 വർഷം പൂർത്തിയായവർക്ക് വേതനം 13,000/- രൂപയായും 01.01. 2017 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ചും നിലവിലെ ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ച് 750/- രൂപ വാർഷിക വർദ്ധനവ് അനുവദിച്ചും ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**മിനി എം.**
**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (പഞ്ചായത്തു ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**